2026
APRIL
15
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




**അറിയിപ്പ്**

വിഷു പ്രമാണിച്ച് ഇന്ന് (15.04.26) ഓഫീസ് അവധിയായതിനാൽ നാളെ (16.04.26) സൊസൈറ്റിടുഡേ ഉണ്ടായിരിക്കുന്നതല്ല.

# പാചകവാതകം പൂഴ്ത്തിവെയ്പ്പ്; 219 എൽപിജി വിതരണ കേന്ദ്രങ്ങൾക്ക് പിഴ ചുമത്തി കേന്ദ്രം

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പാചകവാതക പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിനുള്ള നടപടികൾ ശക്തമാക്കി. സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം, രാജ്യത്തുടനീളം 1.28 ലക്ഷത്തിലധികം റെയ്ഡുകൾ നടത്തുകയും 59,000ത്തിലധികം എൽപിജി സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തു. കൂടാതെ, 1000ലധികം എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യുകയും 238 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇന്നലെ മാത്രം 2250ലധികം റെയ്ഡുകളാണ് നടത്തിയത്.



പൊതുമേഖലാ എണ്ണ വിതരണ കമ്പനികൾ മിന്നൽ പരിശോധനകൾ ശക്തമാക്കുകയും 219 എൽപിജി വിതരണ കേന്ദ്രങ്ങൾക്ക് പിഴ ചുമത്തുകയും 56 വിതരണകേന്ദ്രങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തു. നിലവിലെ സാഹചര്യം സുഗമമായ എൽപിജി വിതരണത്തെ ബാധിക്കുന്നുണ്ടെങ്കിലും എൽപിജി വിതരണ കേന്ദ്രങ്ങളിലൊന്നും ഇന്ധനം തീർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഓൺലൈൻ എൽപിജി സിലിണ്ടർ ബുക്കിംഗ് ഇൻഡസ്ട്രി അടിസ്ഥാനത്തിൽ 99 ശതമാനമായി വർദ്ധിച്ചു. വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനായി, ഡെലിവറി ഓതന്റിക്കേഷൻ കോഡ് (DAC) അടിസ്ഥാനമാക്കിയുള്ള വിതരണം ഏകദേശം 92 ശതമാനമായി വർദ്ധിച്ചു. ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ഡിഎസി ലഭിക്കും. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിതരണം സാധാരണ നിലയിലാണ്.

വീടുകളിൽ ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിതരണം ഉറപ്പാക്കുന്നതിനായി ഭൂരിഭാഗം എൽപിജി വിതരണ ഏജൻസികളും ഞായറാഴ്ചയും പ്രവർത്തിക്കുന്നുണ്ട്. മൊത്തം വാണിജ്യ എൽപിജി വിഹിതം പ്രതിസന്ധിക്ക് മുമ്പുള്ള അളവിന്റെ ഏകദേശം 70 ശതമാനമായി വർദ്ധിപ്പിച്ചു. ഇതിൽ 10 ശതമാനം പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട വിഹിതമാണ്. കുടിയേറ്റ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി ഓരോ സംസ്ഥാനത്തും ലഭ്യമായ 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകളുടെ ദൈനംദിന അളവ് ഇരട്ടിയാക്കി 2026 മാർച്ച് 23 ലെ ശരാശരി ദൈനംദിന വിതരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർദ്ധനവ്. 2026 മാർച്ച് 21ൽ പ്രഖ്യാപിച്ച 20 ശതമാനം എന്ന പരിധിക്ക് പുറമെയാണിത്. ഈ 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകൾ എണ്ണ വിതരണ കമ്പനികളുടെ സഹായത്തോടെ അതത് സംസ്ഥാനങ്ങളിലെ കുടിയേറ്റ തൊഴിലാളികൾക്ക് മാത്രം വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാരുകൾക്ക് വിട്ടുനൽകും.

ഏപ്രിൽ 3 മുതൽ,പൊതുമേഖലാ എണ്ണ വിതരണ കമ്പനികൾ 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 3450 ലധികം ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതേത്തുടർന്ന് 40,800ത്തിലധികം 5 കിലോഗ്രാം എഫ്ടിഎൽ സിലിണ്ടറുകൾ വിറ്റഴിക്കപ്പെടുകയും ചെയ്തു. 2026 മാർച്ച് 23 മുതൽ ഇതുവരെ ഏകദേശം 13.3 ലക്ഷത്തിലധികം 5 കിലോഗ്രാം ഫ്രീ ട്രേഡ് എൽപിജി സിലിണ്ടറുകൾ വിറ്റഴിക്കപ്പെട്ടു. ഐ.ഒ.സി.എൽ, എച്ച്.പി.സി.എൽ, ബി.പി.സി.എൽ എന്നിവയുടെ എക്സിക്യൂട്ടീവ് ഡയറക്ടർമാർ അടങ്ങുന്ന മൂന്നംഗ സമിതി വാണിജ്യ എൽപിജി വിതരണം ആസൂത്രണം ചെയ്യുന്നതിനായി സംസ്ഥാന അധികാരികളുമായും വ്യവസായ സ്ഥാപനങ്ങളുമായും ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നു.

2026 മാർച്ച് 14 മുതൽ മൊത്തം 1,22,984 മെട്രിക് ടൺ വാണിജ്യ എൽപിജി (ഇത് 64.72 ലക്ഷത്തിലധികം 19 കിലോഗ്രാം സിലിണ്ടറുകൾക്ക് തുല്യമാണ്) വിറ്റഴിക്കപ്പെട്ടു.

# സഞ്ജു സാംസണ് ഐ.സി.സി അംഗീകാരം

**മുംബൈ:** ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസണെ തേടി ഐ.സി.സി അംഗീകാരം. മാർച്ചിലെ ഐസിസി പ്ലെയർ ഓഫ് ദി മന്ത് പുരസ്ക്കാരമാണ് സഞ്ജു സാംസണെ തേടിയെത്തിയത്. ടൺ്റി20 ലോകപ്പ് ക്രിക്കറ്റ് ചാംപ്യൻ ഷിപ്പിൽ ഇന്ത്യയെ കിരീടത്തിലേക്ക് നയിച്ച മിന്നും പ്രകടനമാണ് സഞ്ജുവിനെ പുരസ്ക്കാരത്തിന് അർഹനാക്കിയത്. ഇതാദ്യമായാണ് സഞ്ജുവിന് ഐ.സി.സി പുരസ്ക്കാരം ലഭിക്കുന്നത്. ചുരുക്കപ്പട്ടികയിലുണ്ടായിരുന്ന മറ്റൊരു ഇന്ത്യൻ താരമായ ജസ്പ്രീത് ബുംമ്രയെ മറികടന്നാണ് സഞ്ജു പുരസ്ക്കാരം സ്വന്തമാക്കിയത്.



ഐസിസി പ്ലെയർ ഓഫ് ദി മന്ത് പുരസ്കാരം നേടിയത് അവിശ്വസനീയമായ ഒരു അനുഭവമാണെന്നും പ്രത്യേകിച്ച് എന്റെ ക്രിക്കറ്റ് ജീവിതത്തിലെ ഏറ്റവും അവിസ്മരണീയമായ ഒരു ഘട്ടത്തിലാണ് ഈ അംഗീകാരം തേടിയെത്തിയതെന്നും പുരുഷ ടി20 ലോകകപ്പിലെ ഇന്ത്യയുടെ വിജയത്തിൽ പങ്കാളിയാകാൻ കഴിഞ്ഞത് ഒരു സ്വപ്ന സാക്ഷാത്കാരമായിരുന്നുവെന്നും സഞ്ജു സാംസൺ പറഞ്ഞു. ഇന്ത്യൻ ക്രിക്കറ്റിനെ സംബന്ധിച്ചിടത്തോളം ഇത് ആവേശകരമായ ഒരു കാലഘട്ടമാണ്. എല്ലാ മേഖലകളിലും മികച്ച പ്രതിഭകളാണുള്ളത്. എനിക്ക് ലഭിച്ച അവസരങ്ങൾക്കും, എന്റെ കഴിവിന്റെ പരമാവധി പുറത്തെടുക്കാൻ എന്നെ സഹായിച്ച സഹതാരങ്ങളുടെയും കോച്ചിംഗ് സ്റ്റാഫിന്റെയും വിശ്വാസത്തിനും പിന്തുണയ്ക്കും ഞാൻ കടപ്പെട്ടിരിക്കുന്നുവെന്നും സഞ്ജു സാംസൺ പറഞ്ഞു.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **പനമ്പിള്ളി നഗർ ചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ, നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ .

## വരാപ്പുഴ

■ **കൊങ്ങോർപ്പിള്ളി കുറ്റികുളങ്ങര ബാലമുരളി കൃഷ്ണ പാർത്ഥസാരഥി ക്ഷേത്രം :** മഹോത്സവം രാവിലെ 6 മണി മുതൽ.

## ചോറ്റാനിക്കര

■ **ചോറ്റാനിക്കര ദേവീക്ഷേത്രം :** വിഷു വിളക്കു മഹോത്സവം പുലർച്ചെ 2ന് കണി ദർശനം.

## തിരുവാങ്കുളം

■ **മാമല മൂരിയമംഗലം നരസിംഹസ്വാമി ധർമ്മശാസ്താ ക്ഷേത്രം:** ഉൽസവത്തിനോടനുബന്ധിച്ച് രാത്രി എട്ടിന് ഭക്തിഗാന മേള, നൃത്ത സന്ധ്യ.

## തൃപ്പൂണിത്തുറ

■ **എരൂർ മുതുകുളങ്ങര സന്താനഗോപാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രം:** ഉൽസവത്തിന്റെ ഭാഗമായി വൈകിട്ട് 08.30 മുതൽ നൃത്തപരിപാടി, ഒമ്പത് മുതൽ കഥകളി.

## മൂവാറ്റുപുഴ

■ **പേഴയ്ക്കാപ്പള്ളി ഷമ്മ ഓാഡിറ്റോറിയം:** ഹജ്ജ് പഠന- പരിശീലന ക്യാംപ് രാവിലെ 08.30 മുതൽ.

## കോലഞ്ചേരി

■ **മഞ്ചനാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം:** പുലർച്ചെ അഞ്ചു മുതൽ വിഷുക്കണി ദർശനം ഏഴിന് മഹാപുഷ്പാഭിഷേകം, നാണയപ്പറ സമർപ്പണം.

ഷൂട്ട്@സൈറ്റ്



**കണികാണുംനേരം........** *വിഷുക്കണിയൊരുക്കുന്നതിനായി പറവൂരിൽ വഴിയോരത്ത് വിൽപ്പനയ്ക്കായി വെച്ചിരിക്കുന്ന കൊന്നപ്പൂക്കളും കണിവെള്ളരികളും..*

*ഫോട്ടോ എ. എസ് സതീഷ്*

# ഐ.എം.എ സംസ്ഥാനതല ഫുട്ബോൾ മൽസരം: കോഴിക്കോട് ജേതാക്കൾ



**പെരിന്തൽമണ്ണ:** ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള സ്റ്റേറ്റ് സ്പോർട്സ് ആന്റ് വെൽനസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച 'സോക്കർ ഫെസ്റ്റ് 2026' സംസ്ഥാനതല ഇന്റർ ജില്ലാ സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ ഐ.എം.എ കോഴിക്കോട് ജേതാക്കളായി. ഐ.എം.എ മലപ്പുറം ടീമാണ് രണ്ടാം സ്ഥാനം നേടിയത്. ഐ.എം.എ പാലക്കാട്, ഐ.എം.എ കണ്ണൂർ എന്നീവർ യഥാക്രമം മൂന്നും നാലും സ്ഥാനങ്ങൾ നേടി. ടൂർണമെന്റിൽ ആകെ 9 ലീഗ് മത്സരങ്ങൾ, 2 സെമിഫൈനലുകൾ, തുടർന്ന് ലൂസേഴ്സ് ഫൈനൽ ഗ്രാൻഡ് ഫൈനൽ എന്നിവ അരങ്ങേറി.

വിജയികൾക്ക് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. എം.എൻ. മേനോൻ, സംസ്ഥാന സെക്രട്ടറി ഡോ. റോയ് ആർ. ചന്ദ്രൻ, മലപ്പുറം ജില്ലാ കമ്മിറ്റി ചെയർമാൻ ഡോ. അഹമ്മദ് കുട്ടി, പെരിന്തൽമണ്ണ പ്രസിഡന്റ് ആന്റ് സംസ്ഥാന ട്രഷറർ ഡോ. ഷറഫുദ്ദീൻ കെ.പി., മുൻ ദേശീയ വൈസ് പ്രസിഡന്റ് ഡോ. വി.യു സീതി, ഡോ. കെ.എ. സീതീ എന്നിവർ ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തതു. സംഘാടക സമിതിയുടെ ഭാഗമായ ഡോ. ഷനവാസ് കെ.പി. (ഓർഗനൈസിംഗ് ചെയർമാൻ), ഡോ. മുഹമ്മദ് ആഷിഖ് (ഓർഗനൈസിംഗ് കൺവീനർ), ഡോ. അസിൻ കബീർ (ജില്ലാ കോർഡിനേറ്റർ), ഡോ. സയ്യിദ് ഫൈസൽ (IMA പെരിന്തൽമണ്ണ സെക്രട്ടറി), ഡോ. ജ്ഞാനദാസ് (IMA സംസ്ഥാന സ്പോർട്സ് കമ്മിറ്റി അഡ്വൈസർ), ഡോ. പവിത്ര (WIMA പെരിന്തൽമണ്ണ പ്രസിഡന്റ്), ഡോ. ജലീൽ കെ.ബി. (വൈസ് പ്രസിഡന്റ്), ഡോ. ദിലീപ് എം. (ജോയിന്റ് സെക്രട്ടറി), ഡോ. ഷാജി അബ്ദുൾ ഗഫൂർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

IMA സംസ്ഥാന സ്പോർട്സ് ആന്റ് വെൽനസ് കമ്മിറ്റി ചെയർമാൻ ഡോ. ബിബിൻ പി. മാത്യു, സ്റ്റേറ്റ് കൺവീനർ ഡോ. അരുൺ ജി. നായർ എന്നിവരുടെ നേതൃത്വത്തിലാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്. ഡോക്ടർമാരുടെ ശാരീരികക്ഷമതയും മാനസികാരോഗ്യവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സഹോദരഭാവവും ഐക്യവും ശക്തിപ്പെടുത്തുന്നതിൽ ഈ ഫുട്ബോൾ ടൂർണമെന്റ് നിർണായക പങ്കുവഹിച്ചതായി ഐ.എം.എ. സംസ്ഥാന പ്രസിഡന്റ് ഡോ. എം.എൻ. മേനോനും, സംസ്ഥാന സെക്രട്ടറി ഡോ. റോയ് ആർ. ചന്ദ്രനും അറിയിച്ചു.

# എച്ച്ഡിഎഫ്സി ബാങ്കും വിസയും കൈകോർക്കുന്നു




**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്കും വിസയും ചേർന്ന് ഇന്ത്യൻ ഫുട്ബോൾ ആരാധകരെ ഫിഫ വേൾഡ് കപ്പ് 2026നോട് കൂടുതൽ അടുത്ത് കൊണ്ടുവരുന്ന ലക്ഷ്യത്തോടെ ലിമിറ്റഡ് എഡിഷൻ പിക്സൽ ക്രെഡിറ്റ് കാർഡും രാജ്യവ്യാപക 'സ്പെൻഡ് ആൻഡ് വിൻ' ക്യാമ്പയിനും ആരംഭിച്ചു.

മുംബൈയിൽ നടന്ന ലോഞ്ച് ചടങ്ങിൽ ഫുട്ബോൾ ഇതിഹാസമായ മൈക്കൽ ഓവൻ പങ്കെടുത്തു. മത്സര ടിക്കറ്റുകൾ, ഫിഫ മെർച്ചൻഡൈസ്, പ്രത്യേക അനുഭവങ്ങൾ എന്നിവ നേടാനുള്ള അവസരമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. ഡിജിറ്റൽ ഫസ്റ്റ് കാർഡ് സുതാര്യമായ പേയ്മെന്റുകൾ ഉറപ്പാക്കുമ്പോൾ, ദൈനംദിന ചെലവുകൾക്കും ആകർഷകമായ സമ്മാനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 1.54 കോടി ഗാർഹിക എൽപിജി വിതരണം ചെയ്തതായി എച്ച്പിസിഎൽ

**കൊച്ചി:** ഏപ്രിൽ ഒന്നു മുതൽ 12 വരെയുള്ള കാലയളവിൽ രാജ്യത്ത് 1.54 കോടി എൽപിജി സിലിണ്ടറുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (എച്ച് പിസിഎൽ) അറിയിച്ചു.

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഗ്യാസിന്റെ വിതരണവും ലഭ്യതയും കാര്യക്ഷമമാക്കിയതായും കമ്പനി പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഗ്യാസ് ഏജൻസികൾക്കു പുറമെ പെട്രോൾ പമ്പുകൾ, സൂപ്പർ മാർക്കറ്റുകൾ, പ്രാദേശിക സ്റ്റോറുകൾ എന്നിവയിലൂടെ വിതരണം ചെയ്യുന്ന ഫ്രീ ട്രേഡ് എൽപിജി സിലിണ്ടറുകളുടെ വിതരണവും കാര്യക്ഷമമാക്കി.

ഇക്കാലയളവിൽ 5 കിലോയുടെ 3.32 ലക്ഷം സിലിണ്ടറുകളും 2 കിലോയുടെ 21000 സിലിണ്ടറുകളുമാണ് വിതരണം ചെയ്തത്. വിതരണ രംഗത്തെ സുതാര്യത ഉറപ്പാക്കാൻ മാർച്ച് 14 മുതൽ ഏപ്രിൽ 12 വരെയുള്ള കാലയളവിൽ 4,897 പരിശോധനകൾ നടത്തി.

എണ്ണക്കമ്പനികളുമായും സർക്കാർ സംവിധാനങ്ങളുമായും സഹകരിച്ച് നടത്തിയ പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയ 110 വിതരണക്കാർക്കെതിരെ നടപടിയെടുത്തു. 30 ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു.

660 റെയ്ഡുകളിൽ നിന്നായി 41 എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യുകയും 3,674 സിലിണ്ടറുകൾ കണ്ടുകെട്ടുകയും ചെയ്തു. വിതരണത്തിലെ ക്രമക്കേടുകൾ, വിപണിയിലെ കരിഞ്ചന്ത എന്നിവ തടയുന്നതിന് പരിശോധനകൾ കർശനമാക്കുമെന്ന് എച്ച്പിസിഎൽ അറിയിച്ചു.

# സാക്ഷരതാ മിഷനിൽ ഇന്റേൺഷിപ്പിന് അവസരം

**കോഴിക്കോട് :** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2026-27 വർഷത്തെ ഇന്റേൺഷിപ്പിലേക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാർഥികൾക്ക് സാക്ഷരത, തുടർവിദ്യാഭ്യാസം, സാമൂഹിക ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ പ്രായോഗിക പരിചയം നൽകുകയാണ് ഇന്റേൺഷിപ്പിന്റെ ലക്ഷ്യം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സംസ്ഥാന, ജില്ലാ സാക്ഷരതാ മിഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ബിരുദ /ബിരുദാനന്തര വിദ്യാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഏപ്രിൽ 20നകം kkd. literacy@gmail.com എന്ന ഇ-മെയിലിലേക്ക് അയക്കണം. ഒരേ സ്ഥാപനത്തിൽനിന്ന് ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ ഏകോപിപ്പിച്ച് സ്ഥാപനമേധാവിയുടെ ശിപാർശ കത്തിനൊപ്പം നൽകണം. ഫോൺ: 8281175355, 9746562637, 8590245693, 0495 237005.

# അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി

**തിരുവനന്തപുരം:** ഭരണഘടനാ ശിൽപി ഡോ. ബി. ആർ. അംബേദ്കറുടെ ജന്മവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തി. നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് പട്ടികജാതി വികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

# പാഠശാലകൾ കരുതലിന്റെ ഇടങ്ങളാകണം: ഐ.എം.എ

**തിരുവനന്തപുരം:** കണ്ണൂർ അഞ്ചരക്കി ഡെന്റൽ കോളേജിലെ ബിഡിഎസ് വിദ്യാർത്ഥിയുടെ ആത്മഹത്യ അതീവ ദുഃഖകരവും ഗൗരവമുള്ളതുമാണെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. എം.എൻ മേനോൻ, സെക്രട്ടറി ഡോ. റോയ് ആർ. ചന്ദ്രൻ എന്നിവർ വാർത്താകുറിപ്പിൽ പറഞ്ഞു. വിദ്യാർത്ഥികളുടെ ജീവിതത്തിൽ അധ്യാപകർ മാതാപിതാക്കളെപ്പോലെ കരുതലും മാർഗ്ഗനിർദേശവും നൽകേണ്ടവരാണ്. അക്കാദമിക് വളർച്ചയ്ക്കൊപ്പം അവരുടെ മാനസികാരോഗ്യവും ആത്മവിശ്വാസവും സംരക്ഷിക്കുക എന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വമാണ്.

വിദ്യാർത്ഥികളോട് ഏതുതരത്തിലുള്ള മാനസിക പീഡനമോ അപമാനകരമായ പെരുമാറ്റമോ ഉണ്ടായാലും അത് ഒരിക്കലും അംഗീകരിക്കാനാവില്ല. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർബന്ധമായും മാനസികാരോഗ്യ സ്ക്രീനിംഗും കാലാനുസൃതമായ കൗൺസിലിംഗും നടപ്പാക്കണം. ഓരോ സ്ഥാപനത്തിലും സ്വതന്ത്രവും വിശ്വാസ്യതയുള്ളതുമായ വിദ്യാർത്ഥി പരാതി പരിഹാര സമിതികളും ആന്റിഹരാസ്മെന്റ് സെല്ലുകളും സജീവമായി പ്രവർത്തിക്കണം.

അധ്യാപകർക്ക് വിദ്യാർത്ഥികളോടുള്ള മാനസിക സമീപനവും ആശയവിനിമയ രീതികളും മെച്ചപ്പെടുത്തുന്നതിനായി സ്ഥിരമായ സെൻസിറ്റൈസേഷൻ പരിശീലനങ്ങൾ നൽകേണ്ടതാണ്. അനാമധേയമായി പരാതികൾ നൽകാനുള്ള സംവിധാനവും അതിന് വേഗത്തിലുള്ള പ്രതികരണവും ഉറപ്പാക്കണം. കൂടാതെ, ഓരോ വിദ്യാർത്ഥിക്കും ഒരു മെന്റർ സംവിധാനം ഏർപ്പെടുത്തി അവരുടെ അക്കാദമിക് മാനസിക പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്യണം. രക്ഷിതാക്കളുമായി സമയബന്ധിതമായ ആശയവിനിമയം ഉറപ്പാക്കുകയും, ഗുരുതര സാഹചര്യങ്ങളിൽ ത്വരിത ഇടപെടലിനുള്ള ക്രൈസിസ് മാനേജ്മെന്റ് പ്രോട്ടോക്കോളുകളും എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണ്. ഇത്തരത്തിലുള്ള ദാരുണ സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ അടിയന്തരമായി ഇടപെടണമെന്നും സംഭവത്തിൽ പൊലീസ് അന്വേഷണം അതിവേഗം നിർവഹിക്കപ്പെടുകയും സത്യാവസ്ഥ പുറത്തുകൊണ്ടുവരുകയും വേണമെന്നും ഇവർ ആവശ്യപ്പെട്ടു.

# കൊച്ചി ലുലുമാൾ വാർഷികാഘോഷം സമാപിച്ചു

**കൊച്ചി:** 13 വയസ് തികഞ്ഞ കൊച്ചി ലുലുമാളിന് താരപ്പകിട്ടേറിയ ആഘോഷം. വാർഷികാഘോഷ പരിപാടികൾ നടൻ ജോജു ജോർജ് ഉദ്ഘാടനം ചെയ്തു.

സിനിമാ താരങ്ങളായ ഭീമൻ രഘു, ടിനി ടോം, കൈലാഷ് , നടി സരയു മോഹൻ എന്നിവർ മുഖ്യാതിഥികളായി. കേരളത്തിന്റെ ഷോപ്പിങ്ങ് അനുഭവം മാറ്റിയെഴുതിയ ലുലുവിന് എല്ലാ ആശംസയും നടൻ ജോജു ജോർജ് നേർന്നു. ലുലു എന്നും തനിക്ക് കുടുംബം പോലെയാണെന്നും യൂസഫലിക്കയുടെ പ്രയത്നം പ്രശംസനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാട്ട് പാടി സദസിനെ പൊട്ടിച്ചിരിപ്പിച്ച് ഭീമൻ രഘുവും ആഘോഷരാവിന്റെ മാറ്റ് കൂട്ടി. വാർഷികാഘോഷം കേക്ക് മുറിച്ച് ജോജു ജോർജ് ഉദ്ഘാടനം നിർവഹിച്ചു. ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഇ.ഒ എം.എ നിഷാദ്, മാൾസ് ഡയറക്ടർ ഷിബു ഫിലിപ്പ് , ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസിം, റീജണൽ ഡയറക്ടർ സുധീഷ് ചെരിയിൽ, മീഡിയ ഹെഡ് എൻ.ബി സ്വരാജ്, എച്ച്.ആർ ഹെഡ് അനൂപ് മജീദ് ,കൊച്ചി ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ് , ലുലു ഹൈപ്പർ മാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത് തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് വിധു പ്രതാപ് നയിച്ച സംഗീതരാവും അരങ്ങേറി.




# അഡ്വാൻസ് എൻഡോഗൈനക്കോളജി അന്താരാഷ്ട്ര കോൺഫറൻസ് 16 മുതൽ

**കൊച്ചി:** സൺറൈസ് ഹോസ്പിറ്റലും കൊച്ചിൻ ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന അഡ്വാൻസ് എൻഡോഗൈനക്കോളജി അന്താരാഷ്ട്ര കോൺഫറൻസ് 'ലെജൻഡ് ഗോ ലൈവ്' (LGL) ഏപ്രിൽ 16 മുതൽ 19 വരെ കൊച്ചിയിലെ കളമശ്ശേരി ചാക്കോളാസ് പവലിയനിൽ നടക്കുമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. ഹഫീസ് റഹ്മാൻ പടിയത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

'മിനിമലി ഇൻവേസീവ് എൻഡോഗൈനക്കോളജിയുടെ ഭാവി മെച്ചപ്പെടുത്തുക' എന്ന പ്രമേയത്തിൽ നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള ഏകദേശം 500ഓളം ഡോക്ടർമാർ പങ്കെടുക്കും. ഈ വർഷത്തെ ശ്രദ്ധേയമായ എൻഡോസ്കോപ്പി സമ്മേളനങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്ന കോൺഫറൻസിന് സംസ്ഥാന മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ 3.5 ക്രെഡിറ്റ് മണിക്കൂറുകൾ അനുവദിച്ചിട്ടുണ്ട്. എൻഡോഗൈനക്കോളജി രംഗത്തെ പുതിയ സാങ്കേതിക വിദ്യകളും ചികിത്സാരീതികളും പങ്കുവെക്കുന്നതിനും പഠനത്തിനും സമ്മേളനം പ്രധാന വേദിയാകുമെന്ന് ഡോ. ഹഫീസ് റഹ്മാൻ പടിയത്ത് അറിയിച്ചു. ദേശീയ തലത്തിൽ പ്രമുഖരായ ഡോക്ടർമാർ പ്രഭാഷകരായി പങ്കെടുക്കും. തത്സമയ ശസ്ത്രക്രിയകളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയ റോബോട്ടിക് ശസ്ത്രക്രിയാ ഡെമോകളും സമ്മേളനത്തിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. എൻഡോഗൈനക്കോളജി രംഗത്തെ നവീന സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും അറിവ് പങ്കുവെക്കാനും കോൺഫറൻസ് സഹായകരമാകുമെന്നും ഡോ. ഹഫീസ് റഹ്മാൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സുഹാസിനി മണിരത്നം വീണ്ടും മലയാളത്തിൽ; 'അഞ്ചാം പ്രമാണം' ഷൂട്ടിങ് ആരംഭിച്ചു



സുഹാസിനി മണിരത്നം കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന 'അഞ്ചാം പ്രമാണം' എന്ന ചിത്രത്തിന്റെ ചിത്രീകരണം കൊടുങ്ങല്ലൂർ പൊയ്യയിൽ ആരംഭിച്ചു. സുഹാസിനി ഭദ്രദീപം തെളിയിച്ചു കൊണ്ടാണ് ചിത്രീകരണത്തിന് ആരംഭം കുറിച്ചത് . ഫാ. സജി ജോർജ് വട്ടക്കുഴിയാണ് സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചത്. സുഹാസിനി ഫസ്റ്റ് ക്ലാപ്പും നൽകി. ജയദേവ് ഈ ചിത്രം സംവിധാനം ചെയ്യുന്നു. ദേശീയ പുരസ്കാര ജേതാവ് മിറിയീ ചാണ്ടി ആണ് സഹ സംവിധായക. റൂബി എൻഡവർ ആണ് ചിത്രത്തിന്റെ നിർമ്മാതാവ്. സൈക്കോളജി ത്രില്ലർ ജോർണറിൽ ഒരുക്കുന്ന ഈ ചിത്രം 1980 തുടക്ക കാലഘട്ടത്തിലെ സമ്പത്തും പ്രതാപവും നിറഞ്ഞ ഒരു പുരാതന സുറിയാനി ക്രിസ്ത്യൻ കുടുംബത്തിന്റെ കഥ പറയുന്നു. കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും, പാരമ്പര്യ മൂല്യങ്ങള മുറുകെപ്പിടിക്കുന്ന ഒരു കുടുംബത്തിൽ പലപ്പോഴും സ്ത്രീ കഥാപാത്രങ്ങൾ അപ്രസക്തരാണ്. ഇവിടെ അത്തരം ഒരു സാഹചര്യവും അതിനിടയിലൂടെ അരങ്ങേറുന്ന അപ്രതീക്ഷിത വഴിത്തിരിവുകളുമാണ് അഞ്ചാം പ്രമാണത്തെ വ്യത്യസ്തമാക്കുന്നത്. തികച്ചും റിയലിസ്റ്റിക് ആയ മുഹൂർത്തങ്ങൾ കോർത്തിണക്കിയാണ് ഈ ചിത്രത്തിന്റെ അവതരണം. പുരാതന തറവാട്ടിലെ കേന്ദ്ര കഥാപാത്രമായ ഗ്രേസിയെയാണ് സുഹാസിനി അവതരിപ്പിക്കുന്നത്. മറ്റൊരു കഥാപാത്രമായ ആനിയെ കനി കുസൃതിയും അവതരിപ്പിക്കുന്നു. രഞ്ജി പണിക്കർ, നിമിഷ ഡീൻ, ഷെബിൻ ബെൻസൺ , വിനയ് മേനോൻ , അഖില നാഥ് എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു. ഷൈനി ആന്റണിയാണ് ഈ ചിത്രത്തിന്റെ കഥയും തിരക്കഥയും രചിച്ചിരിക്കുന്നത്. കൊടുങ്ങല്ലൂരും തൊടുപുഴയിലുമായി ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയാകും. സംഗീതം സൂരജ് എസ് കുറുപ്പ് , ഛായഗ്രഹണം സിന്റോ പൊടുത്താസ്, എഡിറ്റിംഗ് ബീന പോൾ, കലാസംവിധാനം അപ്പുണ്ണി സാജൻ, മേക്കപ്പ് വിൻസി പൈ കോസ്റ്റും ഡിസൈൻ മഞ്ജുഷ രാധാകൃഷ്ണൻ, സ്റ്റിൽസ് അജി മസ്കറ്റ് , ഫിനാൻസ് കൺട്രോൾ അനിൽ ആമ്പല്ലൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ആദർശ് ജി നായർ, പ്രൊഡക്ഷൻ മാനേജർ ജെറി വിൻസന്റ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അസ്മീർ നേമം, പ്രൊഡക്ഷൻ കൺട്രോളർ രാജേഷ് മേനോൻ.

# വാഴ3 ബയോപിക് ഓഫ് ബില്യൺ ഗേൾസ്




ആഗോള തലത്തിൽ കളക്ഷൻ 150 കോടി പിന്നിടുന്ന വാഴ 2 വിന് മൂന്നാം ഭാഗം ഒരുങ്ങുന്നു.'വാഴ 3 ബയോപിക് ഓഫ് ബില്യൺ ഗേൾസ് ' എന്ന പേരിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ചിത്രത്തിലും പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകുന്നു. നവാഗതനായ വിശ്വൻ ശ്രീജിത്ത് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെയും തിരക്കഥ സംഭാഷണം വിപിൻ ദാസ് തന്നെ എഴുതുന്നു. WBTS പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, സിഗ്നേച്ചർ സ്റ്റുഡിയോസ്, ഐക്കൺ സ്റ്റുഡിയോസ്,ഷൈൻ സ്ക്രീൻസ് എന്നീ ബാനറുകളിൽ വിപിൻ ദാസ്, ഹാരിസ് ദേശം, പി.ബി അനീഷ്,സാഹു ഗാരപാട്ടി,ആദർശ് നാരായൺ, ഐക്കൺ സ്റ്റുഡിയോസ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. ടൈറ്റിൽ ഡിസൈൻ സാർക്കാസനം,പി ആർ ഒഎ എസ് ദിനേശ്.

# എന്റെ കല്യാണം ഒരു മഹാ സംഭവം




ജെയിൻ കെ പോൾ,സുനിൽ സുഗത, വിഷ്ണുജ വിജയ്, മഞ്ജു പത്രോസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മധു കെ കൃഷ്ണൻ സംവിധാനം ചെയ്യുന്ന 'എന്റെ കല്യാണം ഒരു മഹാ സംഭവം ' എന്ന ചിത്രത്തിലെ ലിറിക്കൽ വീഡിയോ ഗാനം റിലീസായി. രാധാലക്ഷ്മി ശ്രീജിത്ത് എഴുതിയ വരികൾക്ക് ബാബു നാരായണൻ സംഗീതം പകർന്ന് അൻവർ സാദത്ത് ആലപിച്ച ' താത്തിരി പൂത്തിരി കല്യാണം.... 'എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.

സക്കീർ ഹുസൈൻ, നന്ദ കിഷോർ,കിരൺ സരിഗ,ശ്യാം മാങ്ങാട്, ഷിജു പടിഞ്ഞാറ്റിൻകര, ഷിബു സി,ആർ, ബൈജുക്കുട്ടൻ, കൊല്ലം സിറാജ്,അമൽ ജോൺ, സുനിൽ സൂര്യ, വിജയ് ശങ്കർ,വിപിൻ വിജയൻ, സ്റ്റാലിൻ കുമ്പളം, ഷൈലജ, ആരതി സേതു, ഐശ്വര്യ ബൈജു, ലക്ഷ്മി കായംകുളം, കീർത്തി ശ്രീജിത്ത്, ബാല താരങ്ങളായ അദ്വൈത് അരുൺകൃഷ്ണൻ,റിദ്വി വിപിൻ, അനുഷ്ക പാലക്കാട്, മുഹമ്മദ് ഹിസൻ,അലൻ വി,വൈഷ്ണു വി സുരേഷ്,റിത വിപിൻ തുടങ്ങിയവരാണ് മറ്റു അഭിനേതാക്കൾ. സരസ്വതി ഫിലിംസിന്റെ ബാനറിൽ ബിജോയ് ബാഹുലേയൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നജീബ് ഷാ നിർവ്വഹിക്കുന്നു. ബിജോയ് ബി എഴുതിയ കഥക്ക് സജി ദാമോദർ തിരക്കഥ സംഭാഷണമെഴുതുന്നു. കാവാലം നാരായണപ്പണിക്കർ, രാധാമണി ശ്രീജിത്ത്, കാർത്തിക് എൻ കെ അമ്പലപ്പുഴ എന്നിവരുടെ വരികൾക്ക് ബാബു നാരായണൻ,സുമേഷ് ആനന്ദ് (റീമിക്സ് സോങ്ങ്) എന്നിവർ സംഗീതം പകരുന്നു.

അൻവർ സാദത്ത്,നിഖിൽ മാത്യു, റാം ദേവ് ഉദയകുമാർ, ശാലിനി കൃഷ്ണ എന്നിവരാണ് ഗായകർ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസീനത്ത്, ഡോക്ടർ രാജേന്ദ്ര കുറുപ്പ് എം എസ്, ലൈൻ പ്രൊഡ്യൂസർദിനേശ് കടവിൽ, എഡിറ്റർജി മുരളി, ബിബിൻ വിഷൽ ഡോൺ. പ്രൊഡക്ഷൻ കൺട്രോളർ ശ്യാം പ്രസാദ്, സുനിൽ പേട്ട, കലസിബി അമരവിള, അനിൽകുമാർ കൊല്ലം,മേക്കപ്പ്ബിനോയ് കൊല്ലം, കോസ്റ്റ്യൂംസ്റസാക്ക് തിരൂർ, ആര്യ ജി രാജ്, സ്റ്റിൽസ് അജീഷ് ആവണി,ഡിസൈൻ മധു സി ആർ, പശ്ചാത്തല സംഗീതംജയകുമാർ, ആക്ഷൻ ഡ്രാഗൺ ജിറോഷ്, കൊറിയോഗ്രാഫി ബാബു ഫുഡ് ലുസേഴ്സ്, പ്രൊജക്ട് ഡിസൈനർ സജീബ്, ഫിനാൻസ് കൺട്രോളർ അമ്പിളി അപ്പുക്കുട്ടൻ, സ്റ്റുഡിയോ ചിത്രഞ്ജാലി, പി ആർ ഓ എ എസ് ദിനേശ്.

# ക്യാമറമാൻ സാദത്ത് സൈനുദ്ദീൻ സംവിധായകനാകുന്നു



വില്യംആന്റ് കേയ്റ്റ് ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ എം.എ. നിഷാദ് കഥയും തിരക്കഥയുമൊരുക്കി, ഛായാഗ്രഹകനായ സാദത്ത് സൈനുദ്ദീൻ ആദ്യമായി സംവിധാനം ചെയ്യുന്ന പുതിയ ചിത്രം സോങ് റിക്കോർഡിങ് കൊച്ചിയിൽ ആരംഭിച്ചു. മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം തെന്നിന്ത്യയിലെ ഒരു സൂപ്പർതാരം കൂടി അഭിനയിക്കുന്ന ഈ ചിത്രം പാൻ ഇന്ത്യൻ പശ്ചാത്തലത്തിലാണ് ഒരുങ്ങുന്നത്. ഒരിടവേളയ്ക്ക് ശേഷം ജെറി അമൽദേവ് സംഗീത സംവിധാനം നിർവ്വഹിക്കുന്നു എന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്. നാലു പതിറ്റാണ്ടിലേറെ നീണ്ട ഇടവേളയ്ക്ക് ശേഷം എം.ജി. ശ്രീകുമാർ ജെറി അമൽദേവ് സഖ്യം ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. ജുബിൻ ജേക്കബാണ് സംഭാഷണം ഒരുക്കുന്നത്. ഛായാഗ്രഹണം അനിൽ വിജയ്.വിഷുവിനു ശേഷം ചിത്രത്തിന്റെ പേര് പുറത്തുവിടുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഒ എ എസ് ദിനേശ്.

# ജെയിൻ സമ്മർ സ്കൂൾ രണ്ടാം പതിപ്പ് ഏപ്രിൽ 22 ന് തുടങ്ങും

**കൊച്ചി:** പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ജെയിൻ യൂണിവേഴ്സിറ്റി ഒരുക്കുന്ന സൗജന്യ സമ്മർ സ്കൂൾ പ്രോഗ്രാമിന്റെ രണ്ടാം പതിപ്പ് ഏപ്രിൽ 22 ന് ആരംഭിക്കും. ഏപ്രിൽ, മെയ് മാസങ്ങളിൽ ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി ക്യാമ്പസിലാണ് പ്രോഗ്രാം നടക്കുന്നത്. ഇത്തവണ ലഭിച്ച ആയിരത്തിലധികം അപേക്ഷകളിൽ നിന്ന് ഷോർട്ട് ലിസ്റ്റ് ചെയ്ത അറുപത് വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കുക. പരമ്പരാഗത ക്ലാസ് മുറി പഠനത്തിനപ്പുറം, ആധുനിക ലോകത്ത് അത്യന്താപേക്ഷിതമായ പ്രായോഗിക കഴിവുകൾ വളർത്തിയെടുക്കുന്ന രീതിയിലാണ് ഈ പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ദിവസവും അക്കാദമിക് മികവിനും വ്യക്തിത്വ വികസനത്തിനും തുല്യ പ്രാധാന്യം നൽകുന്ന രീതിയിലുള്ള സമയക്രമമാണ് നിശ്ചയിച്ചിട്ടുള്ളത്. രാവിലെയുള്ള സെഷനുകളിൽ വിമർശനാത്മക ചിന്ത , ആശയവിനിമയ ശേഷി, നേതൃപാടവം, ഡിജിറ്റൽ അവബോധം എന്നിവയിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. വിദ്യാർത്ഥികൾക്ക് തങ്ങളുടെ അഭിരുചിക്ക് അനുസരിച്ചുള്ള വിവിധ അക്കാദമിക് വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും മികച്ച കരിയർ പാത തിരഞ്ഞെടുക്കാനുള്ള വ്യക്തത നേടാനും സഹായിക്കുന്ന സെഷനും സമ്മർ സ്കൂളിന്റെ ഭാഗമാണ്.

ലൈഫ് ആൻഡ് ലീഡർഷിപ്പ് ക്ലാസുകളിലൂടെ തൊഴിലിടങ്ങളിലെ മര്യാദകൾ, കൂട്ടായ്മ, പ്രശ്നപരിഹാര ശേഷി എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. വൈകുന്നേരങ്ങളിൽ സംഗീതം, കഥ പറച്ചിൽ, നൃത്തം, കായിക വിനോദങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും പരസ്പരമുള്ള സൗഹൃദങ്ങൾ വളർത്താനും അവസരമൊരുക്കും.

ക്ലാസ് മുറികൾക്ക് പുറത്തുള്ള അനുഭവങ്ങൾ ഈ സമ്മർ സ്കൂളിന്റെ പ്രധാന സവിശേഷതയാണ്. ഇതിന്റെ ഭാഗമായി ഒരു മാതൃകാ ഇക്കോടൂറിസം വില്ലേജ് സന്ദർശിച്ച് സുസ്ഥിര വികസനത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും വിദ്യാർത്ഥികൾക്ക് നേരിട്ട് മനസ്സിലാക്കാം.

കൂടാതെ, കൊച്ചി വാട്ടർ മെട്രോ പദ്ധതി സന്ദർശിക്കുന്നതിലൂടെ ആധുനിക അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് അറിവ് നേടാനും സാധിക്കും. സാമൂഹിക ഉത്തരവാദിത്തവും സഹാനുഭൂതിയും വളർത്തുന്നതിനായി ഒരു വൃദ്ധസദനം സന്ദർശിക്കുന്നതും വിവിധ മേഖലകളിലെ പ്രമുഖരുമായി സംവദിക്കുന്നതും പ്രോഗ്രാമിന്റെ ഭാഗമാണ്. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള താമസം, ഭക്ഷണം, പഠന ക്ലാസുകൾ, സന്ദർശന യാത്രകൾ എന്നിവയുടെ മുഴുവൻ ചെലവും യൂണിവേഴ്സിറ്റിയാണ് വഹിക്കുന്നത്.

# വിഷുവിന് ഇഞ്ചിയോൺ കിയയിൽ ‘അടിപൊളി ഏപ്രിൽ ബെനഫിറ്റ്സ്’

**കൊച്ചി:** ഈ വിഷുക്കാലം കൂടുതൽ വർണ്ണാഭമാക്കാൻ ‘അടിപൊളി ഏപ്രിൽ ബെനഫിറ്റ്സ്’ എന്ന പേരിൽ ആകർഷകമായ ആനുകൂല്യങ്ങളുമായി ഇഞ്ചിയോൺ കിയ. പുത്തൻ സെൽറ്റോസ് ഉൾപ്പെടെയുള്ള കിയയുടെ ജനപ്രിയ മോഡലുകൾക്ക് 2 ലക്ഷം രൂപ വരെ നീളുന്ന ബെനഫിറ്റുകൾ ഈ സീസണിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. അതോടൊപ്പം ഭാരത് എൻക്യാപ് ക്രാഷ് ടെസ്റ്റിൽ ഫൈവ് സ്റ്റാർ റേറ്റിങ്ങോടെ സെൽറ്റോസിന്റെ സുരക്ഷ അടിവരയിട്ട് ഉറപ്പിച്ചിരിക്കുകയാണ് കിയ. മുതിർന്നവരുടെ സുരക്ഷയിൽ 32ൽ 31.70 പോയിന്റും കുട്ടികൾക്ക് സുരക്ഷ ഒരുക്കുന്നതിൽ 49ൽ 45 പോയിന്റും നേടിയാണ് സെൽറ്റോസ് കരുത്ത് തെളിയിച്ചിരിക്കുന്നത്. ഭാരത് എൻക്യാപ് ക്രാഷ് ടെസ്റ്റിൽ ഇറങ്ങിയിട്ടുള്ള ഐസ് എൻജിൻ വാഹനങ്ങളിൽ മുതിർന്നവരുടെ സുരക്ഷയിൽ ഏറ്റവും ഉയർന്ന റേറ്റിങ് സ്വന്തമാക്കിയിട്ടുള്ള വാഹനമെന്ന ഖ്യാതിയും കിയ സെൽറ്റോസിന് ലഭിച്ചു. ക്രാഷ് ടെസ്റ്റിന് ഇറങ്ങിയത് എച്ച്ടിഇ ഓപ്ഷണൽ വേരിയന്റ് ആണെങ്കിലും ഈ റേറ്റിങ് എല്ലാ പതിപ്പുകൾക്കും ബാധകമായിരിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സെൽറ്റോസ്, കാരൻസ് ക്ലാവിസ് ഇവി, സോണറ്റ്, സിറോസ്, തുടങ്ങി കിയയുടെ എല്ലാ മോഡലുകൾക്കും പ്രത്യേക ആനുകൂല്യങ്ങൾ ഈ കാലയളവിൽ ലഭിക്കും. ആധുനിക ഫീച്ചറുകളും മികച്ച സുരക്ഷയും ഒത്തിണങ്ങിയ കിയ വാഹനങ്ങൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും അനുയോജ്യമായ സമയമാണിത്. തിരുവനന്തപുരം മുതൽ പാലക്കാട് വരെ ഉള്ള ഇഞ്ചിയോൺ കിയയുടെ എല്ലാ ഡീലർഷിപ്പുകളിലും ഏപ്രിൽ 28 വരെ ഈ ബെനഫിറ്റുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാണ്.




# അഞ്ച് വർഷത്തെ സമഗ്ര വാറന്റിയുമായി ഗോദ്റെജ് പ്രോമിസ്

**കൊച്ചി:** ഗോദ്റെജിന്റെ മുഴുവൻ ഹോം അപ്ലയൻസസ് ഉൽപ്പന്നങ്ങൾക്കും അഞ്ച് വർഷത്തെ സമഗ്ര വാറന്റി ഉറപ്പാക്കി ഗോദ്റെജ് പ്രോമിസ്. ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന് കീഴിലുള്ള അപ്ലയൻസസ് ബിസിനസ് വിഭാഗമാണ് ഇത് അവതരിപ്പിച്ചത്.

2026 ഏപ്രിൽ ഒന്ന് മുതൽ വാങ്ങുന്ന റെഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, എയർ കൂളറുകൾ, മൈക്രോവേവ് ഓവനുകൾ, ഡീപ്പ് ഫ്രീസറുകൾ എന്നിവയ്ക്കും സ്പ്ലിറ്റ്, ഇൻവെർട്ടർ വിൻഡോ എസികൾക്കും അഞ്ച് വർഷത്തെ സമഗ്ര വാറന്റി ലഭിക്കും. കഴിഞ്ഞ വർഷം സ്പ്ലിറ്റ് എസികൾക്കും ഇൻവെർട്ടർ വിൻഡോ എസികൾക്കും നൽകിയ എക്സ്റ്റൻഡഡ് വാറന്റിക്ക് മികച്ച പ്രതികരണം ലഭിച്ചതിനെ തുടർന്നാണ് ഗോദ്റെജ് പ്രോമിസ് പദ്ധതി എല്ലാ ഉൽപ്പന്നങ്ങളിലേക്കും വ്യാപിപ്പിക്കുന്നത്. എ.സി, റെഫ്രിജറേറ്റർ, ഡീപ്പ് ഫ്രീസർ തുടങ്ങിയ ഉൽപ്പന്നങ്ങളിൽ ഗ്യാസ് നിറയ്ക്കലും സർവ്വീസും എസികളുടെ റിമോട്ട് നന്നാക്കലും ഉൾപ്പടെ വാറന്റിയിൽ ഉൾപ്പെടുന്നുണ്ട്.

# ടൈഗർ ഷെറോഫ് സ്ലോവിക് ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഫിറ്റ്നസ് ഗിയർ ബ്രാൻഡായ സ്ലോവിക് ബ്രാൻഡ് അംബാസഡറായി നടനും ഫിറ്റ്നസ് ഐക്കണുമായ ടൈഗർ ഷെറോഫിനെ പ്രഖ്യാപിച്ചു. ഇതോടനുബന്ധിച്ച് ’ജിം വീട്ടിലെത്തിക്കൂ’ എന്ന പുതിയ ക്യാമ്പയ്നും കമ്പനി അവതരിപ്പിച്ചു. ജിംനേഷ്യത്തിൽ പോകാൻ സമയം കിട്ടാത്തവർക്ക് വീട്ടിൽ തന്നെ ഫിറ്റ്നസ് സാധ്യമാക്കുക എന്ന ആശയമാണ് ക്യാമ്പയ്നിന്റെ കേന്ദ്രവിഷയം. സമയം, സ്ഥലം, സൗകര്യം തുടങ്ങിയ നിയന്ത്രണങ്ങൾ ഇല്ലാതെ എല്ലാവർക്കും എളുപ്പത്തിൽ ഫിറ്റ്നസ് കൈവരിക്കാനാകണം എന്നതാണ് ബ്രാൻഡിന്റെ നിലപാട്. ഫിറ്റ്നസ് തന്റെ ജീവിതത്തിന്റെ ഭാഗമായതിനാലാണ് സ്ലോവികുമായി ചേർന്നത് സ്വാഭാവികമായി തോന്നിയതെന്ന് ടൈഗർ ഷെറോഫ് പറഞ്ഞു. വില കുറഞ്ഞ ഉപകരണങ്ങളിലൂടെ വീട്ടിൽ തന്നെ ഫിറ്റ്നസ് ആരംഭിക്കാൻ കഴിയുമെങ്കിൽ അത് കൂടുതൽ പ്രായോഗികവും സ്ഥിരതയുള്ളതുമായ ജീവിതശൈലിയിലേക്ക് നയിക്കുമെന്ന് സ്ലോവിക് സഹസ്ഥാപകൻ ആകിബ് മുഹമ്മദ് പറഞ്ഞു.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി സിനിമകളും ഉള്ളടക്കങ്ങളും ഉൾപ്പെടുത്തി ക്യാമ്പയിൻ വ്യാപകമായി പ്രചരിപ്പിക്കുമെന്ന് കമ്പനി അറിയിച്ചു. ആമസോൺ, ഫൽപ്കാർട്, ബ്ലിങ്കിറ്റ്, സെപ്റ്റോ, ഇൻസ്റ്റമാർട്ട് തുടങ്ങിയ ഇകൊമേഴ്സ്, ക്വിക്ക്കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ സ്ലോവിക് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. പുൾഅപ്പ് ബാറുകൾ, റെസിസ്റ്റൻസ് ബാൻഡുകൾ, ഡംബെല്ലുകൾ, അഡ്ജസ്റ്റബിൾ ഡംബെല്ലുകൾ, യോഗ മാറ്റുകൾ തുടങ്ങിയ വിവിധ ഫിറ്റ്നസ് ഉപകരണങ്ങളിലൂടെ സാധാരണക്കാരനും കുറഞ്ഞ ചിലവിൽ ഫിറ്റ്നസ് ആരംഭിക്കാൻ സാധ്യമാക്കുകയാണ് സ്ലോവിക് ലക്ഷ്യമിടുന്നത്.

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം 2022ൽ ഇന്ത്യയിലെ 49.4% പ്രായപൂർത്തിയായവർക്കും മതിയായ ശാരീരിക പ്രവർത്തനം ഇല്ല.

അതേസമയം ഡെലോയിറ്റ് ഇന്ത്യയും ഹെൽത് ആൻഡ് ഫിറ്റ്നസ് അസോസിയേഷനും പുറത്തുവിട്ട റിപ്പോർട്ടുകൾ പ്രകാരം 2024ൽ ഫിറ്റ്നസ് സെന്റർ അംഗത്വം ഇന്ത്യയിൽ വെറും 0.8% മാത്രമാണെന്നും, പ്രധാന വരുമാനത്തിന്റെ 56% മുൻനിര നഗരങ്ങളിൽ നിന്നാണെന്നും കണ്ടെത്തിയിട്ടുണ്ട്.

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** സിഎംഎഫ്ആർഐയിൽ കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 27. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്- www.cmfri.org.in.

# രാജ്യത്തെ രണ്ടാമത്തെ വലിയ റീട്ടെയിൽ വായ്പാ വിഭാഗമായി സ്വർണ്ണ പണയ വായ്പകൾ



**കൊച്ചി:** രാജ്യത്തെ റീട്ടെയിൽ വായ്പാ വിപണിയിൽ ബാലൻസ് ഷെയർ അടിസ്ഥാനത്തിൽ സ്വർണ്ണ പണയ വായ്പകൾ അതിവേഗം വളർന്ന് രണ്ടാം സ്ഥാനത്തെത്തിയതായി ട്രാൻസ്യൂണിയൻ സിബിലിന്റെ 'ഗോൾഡ് ലോൺ ലാൻഡ്സ്കേപ്പ്' റിപ്പോർട്ട് വ്യക്തമാക്കുന്നു. 2022 മാർച്ചിന് ശേഷം സ്വർണ്ണ പണയ വായ്പ 3.8 മടങ്ങ് വർധിച്ചപ്പോൾ റീട്ടെയിൽ ക്രെഡിറ്റ് പോർട്ട്ഫോളിയോയിലുണ്ടായിരുന്ന വിഹിതം 5.9 ശതമാനത്തിൽ നിന്ന് 2025 ഡിസംബറോടെ 11.1 ശതമാനമായി ഉയർന്നു.

വായ്പാ തുകയിൽ വൻ വർധനവാണ് രേഖപ്പെടുത്തുന്നത്. 2022ലെ ആദ്യ പാദത്തിൽ 90,000 രൂപ ആയിരുന്ന ശരാശരി വായ്പാ തുക 2025 നാലാം പാദത്തോടെ 1.96 ലക്ഷം രൂപയായി ഉയർന്നു. അതേസമയം പുതുതായി അനുവദിച്ച വായ്പകളുടെ മൊത്തം മൂല്യം 5.1 മടങ്ങ് വർധിച്ചതും വിപണിയുടെ വ്യാപ്തിയും മൂല്യവും ഉയരുന്നതിന്റെ സൂചനയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. എൻബിഎഫ്സികളും പൊതുമേഖലാ ബാങ്കുകളും ഈ വളർച്ചയിൽ നിർണായക പങ്കുവഹിച്ചു. എൻബിഎഫ്സികളുടെ വിഹിതം 2022 മാർച്ചിൽ 7 ശതമാനത്തിൽ നിന്ന് 2025 ഡിസംബറിൽ 11 ശതമാനമായി ഉയർന്നപ്പോൾ പൊതുമേഖലാ ബാങ്കുകളുടെ വിഹിതം 57 ശതമാനത്തിൽ നിന്ന് 62 ശതമാനമായി വർധിച്ചു. വായ്പ എടുക്കുന്നവരിൽ സ്ത്രീകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. 2025ൽ മൊത്തം വായ്പ അപേക്ഷകരിൽ 39 ശതമാനവും സ്ത്രീകളാണ്. സ്വർണ്ണ വായ്പ വിതരണത്തിൽ മികച്ച ക്രെഡിറ്റ് സ്കോറുള്ളവരുടെ വിഹിതം 2022ലെ 43 ശതമാനത്തിൽ നിന്നും 2025ൽ ഏകദേശം 52 ശതമാനമായി ഉയർന്നു.

അതേസമയം വായ്പാ വിപണിയിലേക്ക് പുതുതായി എത്തുന്നവരുടെ പങ്കാളിത്തം ഇതേ കാലയളവിൽ 12 ശതമാനത്തിൽ നിന്നും 6 ശതമാനമായി കുറഞ്ഞു. രാജ്യത്ത് സ്വർണത്തിന് സാമ്പത്തികവും സാംസ്കാരികവുമായ വലിയ പ്രാധാന്യമുണ്ട്. സ്വർണ്ണ വായ്പകൾ ഇപ്പോൾ കേവലം ഹ്രസ്വകാല ആവശ്യങ്ങൾക്കായി മാത്രമല്ല മറിച്ച് വീടുകളിലെ സാമ്പത്തിക ആസൂത്രണത്തിന്റെ ഭാഗമായി മാറി. ഉപഭോക്തൃ സ്വീകാര്യതയും വായ്പദാതാക്കളുടെ ആത്മവിശ്വാസവും ഇതിലൂടെ പ്രകടമാകുന്നുവെന്ന് ട്രാൻസ്യൂണിയൻ സിബിൽ എംഡിയും സിഇഒയുമായ ഭവേഷ് ജയിൻ പറഞ്ഞു. വായ്പാ വിപണി വളരുമ്പോഴും കൃത്യമായ തിരിച്ചടവ് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ എടുത്തവരിൽ തിരിച്ചടവ് മുടക്കാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടു വായ്പ നൽകുന്നതിന് മുൻപ് ഉപഭോക്താക്കളുടെ തിരിച്ചടവ് ശേഷിയും മറ്റ് സാമ്പത്തിക ബാധ്യതകളും കൃത്യമായി പരിശോധിക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. നിലവിൽ ഇന്ത്യയിലെ റീട്ടെയിൽ ക്രെഡിറ്റ് വിപണിയിൽ 27.8 ശതമാനം വിഹിതവുമായി ഭവന വായ്പകളാണ് ഒന്നാം സ്ഥാനത്തുള്ളത്. ഈ മേഖലയിലെ വേഗത്തിലുള്ള വളർച്ചയ്ക്കൊപ്പം കൂടുതൽ ശക്തമായ റിസ്ക് നിയന്ത്രണവും ആവശ്യമാണെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. 2025 ജൂണിൽ അവസാനിച്ച ആറുമാസ കാലയളവിൽ 60 ദിവസത്തിൽ കൂടുതൽ വൈകിയ തിരിച്ചടവ് നിരക്ക് 1.1 ശതമാനമായി രേഖപ്പെടുത്തി. ഉയർന്ന വായ്പാ എടുത്തിട്ടുള്ള ഉപഭോക്താക്കളിൽ ഇത് കൂടുതൽ ഉയർന്നതായും കണ്ടെത്തിയിട്ടുണ്ട്.

സ്വർണ വായ്പ വിപണി വേഗത്തിൽ വളരുമ്പോൾ വായ്പദാതാക്കൾ വളർച്ചയും സൂക്ഷ്മതയും തമ്മിൽ സമതുലനം പാലിക്കേണ്ടത് നിർണായകമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# മുത്തൂറ്റ് എംക്രെഡിന് ബ്രോൺസ് അവാർഡ്




**കൊച്ചി:** ഐബിഇഎക്സ് ഇന്ത്യ ബിഎഫ്എസ്ഐ ടെക് അവാർഡ് 2026ൽ ടെക്നോളജി അടിസ്ഥാനത്തിലുള്ള പ്രവർത്തന മികവിന് എൻബിഎഫ്സി/പേയ്മെന്റ് ബാങ്ക് വിഭാഗത്തിൽ മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് (മുൻപ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്) ബ്രോൺസ് അവാർഡ് നേടി. മുംബൈ ബികെസിയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ വ്യവസായ പ്രമുഖരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ മുത്തൂറ്റ് എംക്രെഡ് സിഇഒ പി.ഇ. മത്തായി പുരസ്കാരം ഏറ്റുവാങ്ങി. മുത്തൂറ്റ് എംക്രെഡിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വായ്പാ പ്രക്രിയകൾ ലഘൂകരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഡിജിറ്റൽ വായ്പാ സേവനം, ഓപ്പറേഷൻസ് പ്ലാറ്റ്ഫോമിനുള്ള അംഗീകാരം കൂടിയാണിത്. മാനുവൽ പ്രക്രിയകൾ, ഏകോപനമില്ലാത്ത സംവിധാനങ്ങൾ, വായ്പാ നടപടികൾ പൂർത്തിയാക്കാൻ എടുക്കുന്ന ദീർഘമായ സമയം തുടങ്ങിയ പ്രവർത്തന വെല്ലുവിളികൾ പരിഹരിക്കുന്നതിനാണ് ഈ പ്ലാറ്റ്ഫോം അവതരിപ്പിച്ചത്. ഉപഭോക്താക്കളെ ചേർക്കുന്ന പ്രക്രിയ, കെവൈസി, രേഖകളുടെ പരിശോധന, ക്രെഡിറ്റ് നടപടികൾ എന്നിവയിൽ ഏകീകൃത ഡിജിറ്റൽ വർക്ക്ഫ്ളോകൾ നടപ്പിലാക്കിയതിലൂടെ സേവനങ്ങളിൽ കൃത്യത കൊണ്ടുവരാനും മാനുഷികമായ ഇടപെടലുകൾ കുറയ്ക്കാനും മൊത്തത്തിലുള്ള പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായിച്ചതായി മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. പദ്ധതി നടപ്പിലാക്കിയതിന് ശേഷം വായ്പാ പ്രോസസ്സിംഗ് വർക്ക്ഫ്ളോയുടെ 65 ശതമാനത്തിലധികം ഓട്ടോമേറ്റു ചെയ്യാൻ സാധിച്ചു. ഇത് സേവനങ്ങൾ നൽകുന്നതിലെ വേഗത വർദ്ധിപ്പിക്കാനും പ്രവർത്തനങ്ങളിൽ കൂടുതൽ കൃത്യത ഉറപ്പാക്കാനും, മികച്ച നിയന്ത്രണം കൈവരിക്കാനും സഹായിച്ചു. കൂടാതെ വായ്പാ നടപടികൾ പൂർത്തിയാക്കാൻ എടുക്കുന്ന സമയം കുറയ്ക്കുന്നതിനും പിഴവുകൾ ഇല്ലാതാക്കുന്നതിനും ഈ നീക്കം വലിയ പങ്കുവഹിച്ചു.

വിവിധ ടീമുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിച്ചുവെന്നും മാത്യു മുത്തൂറ്റ് പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com